9451
8/5/18

കേരള സർക്കാർ

<u>സംഗ്രഹം</u>

വിനോദസഞ്ചാര വകുപ്പ് - "ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്റ്റഡീസ് ഇൻ ദി ഹെറിറ്റേജ് ഓഫ് കോസ്റ്റൽ കേരള (ISHCK) രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നത് വരെ പ്രൊഫ. കേശവൻ വെളുത്താട്ടിനെ പുനഃനിയമന വ്യവസ്ഥയിൽ മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡിൽ കൺസൾട്ടന്റായി നിയമിച്ച് ഉത്തരവാകുന്നു.

---

വിനോദസഞ്ചാര (സി) വകുപ്പ്

ജി.ഒ.(കൈ) നം. 08/2018/ടൂറിസം                    തിരുവനന്തപുരം, തീയതി 05.05.2018.

---

പരാമർശം : സ.ഉ.(സാധാ).നം: 96/2017/ടൂറിസം, തീയതി 25.02.17

**<u>ഉത്തരവ്</u>**

മുസിരിസ് പൈതൃക പദ്ധതിയുടെ 30.01.2017-നു ചേർന്ന ബോർഡ് യോഗം ശുപാർശ ചെയ്തതിൻ പ്രകാരം സ്പൈസ് റൂട്ട് - മുസിരിസ് പദ്ധതി പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി ഒരു പ്രത്യേക സ്ഥാപനം (ഹെറിറ്റേജ് സ്റ്റഡി സെന്റർ) രൂപീകരിക്കുന്നതിനും ടി സ്ഥാപനത്തിന് ഉചിതമായ ഒരു ഡയറക്ടറെ കണ്ടെത്തുന്നതിനുമായി സർക്കാർ പരാമർശം ഉത്തരവ് പ്രകാരം രൂപീകരിച്ച തെരഞ്ഞെടുപ്പ് സമിതി, സ്റ്റഡി സെന്ററിന്റെ പേര് "ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്റ്റഡീസ് ഇൻ ദി ഹെറിറ്റേജ് ഓഫ് കോസ്റ്റൽ കേരള (ISHCK)" എന്ന് നിർദ്ദേശിക്കുകയും ഡൽഹി യൂണിവേഴ്സിറ്റിയിലെ ചരിത്ര വിഭാഗം പ്രൊഫസറായിരുന്ന പ്രൊഫ. കേശവൻ വെളുത്താട്ടിന്റെ പേര് ഡയറക്ടർ സ്ഥാനത്തേയ്ക്ക് ശുപാർശ ചെയ്യുകയും അദ്ദേഹത്തിന്റെ അവസാന ഔദ്യോഗിക ശമ്പളം വേതനമായി പുന:നിയമന വ്യവസ്ഥയിൽ നിശ്ചയിക്കുവാനും തീരുമാനമെടുക്കുകയുണ്ടായി.

"ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്റ്റഡീസ് ഇൻ ദി ഹെറിറ്റേജ് ഓഫ് കോസ്റ്റൽ കേരള (ISHCK)" യുടെ ഡയറക്ടറാകുന്നതിന് പ്രൊഫ. കേശവൻ വെളുത്താട്ട് സമ്മതപത്രവും അദ്ദേഹം അവസാനം വാങ്ങിയ ശമ്പളവിവരവും നൽകുകയുണ്ടായി. ജോലിയുടെ ഭാഗമായി ഒരു വാഹനവും സ്ഥാപനത്തിനു സമീപം വാടകരഹിത താമസ സൗകര്യവും കൂടി അദ്ദേഹം ആവശ്യപ്പെടുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു "ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്റ്റഡീസ് ഇൻ ദി ഹെറിറ്റേജ് ഓഫ് കോസ്റ്റൽ കേരള (ISHCK)" രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് കാലതാമസം നേരിടുമെന്ന കാരണത്താൽ ആയതുവരെ ഡൽഹി യൂണിവേഴ്സിറ്റിയിലെ ചരിത്ര

വിഭാഗം പ്രൊഫസറായിരുന്ന പ്രൊഫ. കേശവൻ വെളുത്താട്ടിനെ, പുന:നിയമന വ്യവസ്ഥയിൽ മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡിൽ കൺസൾട്ടന്റായി നിയമിച്ച് ഉത്തരവാകുന്നു. കെ.എസ്.ആർ. ഭാഗം III ചട്ടം 100-ൽ (19.10.16-ലെ സ.ഉ.(പി) നം.159/2016/ധന ഉത്തരവിന് അനുസൃതമായി പരിഷ്കരിച്ചത്) സൂചിപ്പിച്ചിട്ടുള്ള ആനുകൂല്യങ്ങളോട് കൂടി സേവന വേതന വ്യവസ്ഥകൾ നിർണ്ണയിച്ചും ഔദ്യോഗിക ആവശ്യങ്ങൾക്കായി വാഹനവും (hired vehicle) വിനോദ സഞ്ചാര വകുപ്പ് നിശ്ചയിക്കുന്ന തുകയിൽ (consolidated pay) രണ്ട് റിസർച്ച് അസിസ്റ്റന്റുമാരെ തെരഞ്ഞെടുക്കുന്നതിനുള്ള അനുവാദവും ടിയാന് നൽകിയും കൂടി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം,
റാണി ജോർജ് ഐ.എ.എസ്
സെക്രട്ടറി.

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.

മാനേജിങ് ഡയറക്ടർ, മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡ്, പുല്ലൂട്ട് പി.ഒ., കൊടുങ്ങല്ലൂർ, തൃശ്ശൂർ.

പ്രൊഫ. കേശവൻ വെളുത്താട്ട് (veluthat@yahoo.com)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ), കേരള, തിരുവനന്തപുരം.

ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ്

പൊതുഭരണ (എസ്.സി.) വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ്(വെബ് ആന്റ് ന്യൂ മീഡിയ) (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് : ടൂറിസം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ടൂറിസം വകുപ്പ് സെക്രട്ടറിയുടെ പി.എ.

ടൂറിസം വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 02-05-2018

ഫയൽ നം.ടൂർ-സി2/34/2017/ടൂറിസം ഇനം നം: 2119

വിഷയം : ടൂറിസം വകുപ്പ് - "ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്റ്റഡീസ് ഇൻ ദി ഹെറിറ്റേജ് ഓഫ് കോസ്റ്റൽ കേരള (ISHCK)" രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നത് വരെ പ്രൊഫ. കേശവൻ വെളുത്താട്ടിനെ, പുനഃനിയമന വ്യവസ്ഥയിൽ മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡിൽ കൺസൾട്ടന്റായി നിയമനം.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ -

1. അംഗീകരിച്ചു. സേവന വേതന വ്യവസ്ഥകൾ കെ.എസ്.ആർ. ഭാഗം III ചട്ടം 100-ൽ (19.10.2016-ലെ സ.ഉ.(പി) നം.159/2016/ധന ഉത്തരവിന് അനുസൃതമായി പരിഷ്കരിച്ചത്) സൂചിപ്പിച്ചിട്ടുള്ള ആനുകൂല്യങ്ങളോടു കൂടി നിർണ്ണയിച്ചു നൽകേണ്ടതാണ്.
2. ഔദ്യോഗിക ആവശ്യങ്ങൾക്കായി വാഹനവും (hired vehicle) വിനോദസഞ്ചാര വകുപ്പ് നിശ്ചയിക്കുന്ന തുകയിൽ (consolidated pay) രണ്ട് റിസർച്ച് അസിസ്റ്റന്റുമാരെ തിരഞ്ഞെടുക്കുന്നതിനുള്ള അനുവാദവും നൽകുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

പോൾ ആന്റണി
ചീഫ് സെക്രട്ടറി

സെക്രട്ടറി, ടൂറിസം വകുപ്പ്.

2119

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | ടൂർ-സി2/34/2017/ടൂറിസം |
| 2 | വകുപ്പ് | ടൂറിസം (സി) വകുപ്പ് |
| 3 | വിഷയം | "ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്റ്റഡീസ് ഇൻ ദി ഹെറിറ്റേജ് ഓഫ് കോസ്റ്റൽ കേരള (ISHCK)" രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നത് വരെ പ്രൊഫ. കേശവൻ വെളുത്താട്ടിനെ, പുന:നിയമന വ്യവസ്ഥയിൽ മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡിൽ കൺസൾട്ടന്റായി നിയമനം |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുവാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി ; | 28.03.2018 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | അതെ<br><br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്; | ശ്രീ. മനു. ബി. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്; | ശ്രീമതി. റാണി ജോർജ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി ; | 19-04-2018 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്; | ശ്രീ. പോൾ ആന്റണി |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | 23.04.2018 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി ; | 26.04.2018 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 28.04.2018 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും ; | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1. സ്പൈസ് റൂട്ട് - മുസിരിസ് പദ്ധതി പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി "ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്റ്റഡീസ് ഇൻ ദി ഹെറിറ്റേജ് ഓഫ് കോസ്റ്റൽ കേരള (ISHCK)" രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നത് വരെ പ്രൊഫ. കേശവൻ വെളുത്താട്ടിനെ, പുനഃനിയമന വ്യവസ്ഥയിൽ മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡിൽ കൺസൾട്ടന്റായി നിയമിക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.
2. മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡിന്റെ 30.01.2017-ന് ചേർന്ന ബോർഡ് യോഗം സ്പൈസ് റൂട്ട് - മുസിരിസ് പദ്ധതി പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി ഒരു പ്രത്യേക സ്ഥാപനം (ഹെറിറ്റേജ് സ്റ്റഡി സെന്റർ) രൂപീകരിക്കുവാൻ തീരുമാനിക്കുകയുണ്ടായി. ടി സ്ഥാപനത്തിന് ഉചിതമായ ഒരു ഡയറക്ടറെ കണ്ടെത്തുന്നതിനായി ഒരു തെരഞ്ഞെടുപ്പ് സമിതിയെ 25.02.17-ലെ സ.ഉ.(സാധാ) നം.96/2017/ടൂറിസം പ്രകാരം രൂപീകരിക്കുകയും ചെയ്തു.
3. വിനോദ സഞ്ചാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 06.07.2017-ൽ പ്രസ്തുത സമിതിയുമായി നടത്തിയ ചർച്ചയിൽ സ്റ്റഡി സെന്ററിന്റെ പേര് "ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്റ്റഡീസ് ഇൻ ദി ഹെറിറ്റേജ് ഓഫ് കോസ്റ്റൽ കേരള (ISHCK)" എന്ന് നിർദ്ദേശിക്കുകയും ഡൽഹി യൂണിവേഴ്സിറ്റിയിലെ ചരിത്രവിഭാഗം പ്രൊഫസറായിരുന്ന പ്രൊഫ. കേശവൻ വെളുത്താട്ടിന്റെ പേര് ഡയറക്ടർ സ്ഥാനത്തേക്ക് ശുപാർശ ചെയ്യുകയും ചെയ്തു. അതോടൊപ്പം അദ്ദേഹത്തിന്റെ അവസാന ഔദ്യോഗിക ശമ്പളം വേതനമായി പുനഃനിയമന വ്യവസ്ഥയിൽ നിശ്ചയിക്കുവാനും തീരുമാനിച്ചു.
4. പ്രൊഫ. കേശവൻ വെളുത്താട്ട് "ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്റ്റഡീസ് ഇൻ ദി ഹെറിറ്റേജ് ഓഫ് കോസ്റ്റൽ കേരള (ISHCK)"-ന്റെ ഡയറക്ടറാകുന്നതിന് സമ്മതപത്രവും അദ്ദേഹം അവസാനം വാങ്ങിയ ശമ്പളവിവരവും സമർപ്പിക്കുകയുണ്ടായി. ആകെ ശമ്പളം 1,73,460/- (ഒരു ലക്ഷത്തി എഴുപത്തി മൂവായിരത്തി നാനൂറ്റി അറുപത് രൂപ മാത്രം) ആണ്. ജോലിയുടെ ഭാഗമായി ഒരു വാഹനവും സ്ഥാപനത്തിനു സമീപം വാടകരഹിത താമസ സൗകര്യവും അദ്ദേഹം ആവശ്യപ്പെടുകയുണ്ടായി.
5. "ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്റ്റഡീസ് ഇൻ ദി ഹെറിറ്റേജ് ഓഫ് കോസ്റ്റൽ കേരള (ISHCK)" സ്ഥാപനം രൂപീകരിക്കുന്നതിൽ കാലതാമസം നേരിടുമെന്ന കാരണത്താൽ, ആയതുവരെ പ്രൊഫ. കേശവൻ വെളുത്താട്ടിനെ മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡിൽ നിന്നും തന്നെ വേതനം നൽകിക്കൊണ്ട് മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡിൽ കൺസൾട്ടന്റായി നിയമിക്കുന്നതാണ് പ്രായോഗികം എന്നു

കാണുകയും ആയത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ, താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"Finance agrees to take Prof. Kesavan Veluthat as consultant on re-employment basis. He may be provided with a vehicle to be hired and rent free accommodation considering his seniority and value of his service, as requested by him. He may also be given freedom to take two research assistants on consolidated pay as decided by AD. Administrative Department is advised to take the proposal to the Council of Ministers".

6. ടി സാഹചര്യത്തിൽ "ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്റ്റഡീസ് ഇൻ ദി ഹെറിറ്റേജ് ഓഫ് കോസ്റ്റൽ കേരള (ISHCK)" രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നത് വരെ പ്രൊഫ. കേശവൻ വെളുത്താട്ടിനെ, പുന:നിയമന വ്യവസ്ഥയിൽ മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡിൽ കൺസൾട്ടന്റായി നിയമിക്കുന്നതും, ഔദ്യോഗിക ആവശ്യങ്ങൾക്കായി വാഹനം നൽകുന്നതും വാടകരഹിത താമസ സൗകര്യം നൽകുന്നതും, ഭരണ വകുപ്പ് നിശ്ചയിക്കുന്ന തുകയിൽ രണ്ട് റിസർച്ച് അസിസ്റ്റന്റുമാരെ തെരഞ്ഞെടുക്കുന്നതിനുള്ള അനുവാദവും നൽകുന്നതും സംബന്ധിച്ച വിഷയം മന്ത്രിസഭ മുൻപാകെ സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

## തീരുമാനിക്കേണ്ട കാര്യം

1. "ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്റ്റഡീസ് ഇൻ ദി ഹെറിറ്റേജ് ഓഫ് കോസ്റ്റൽ കേരള (ISHCK)" രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നത് വരെ പ്രൊഫ. കേശവൻ വെളുത്താട്ടിനെ, പുന:നിയമന വ്യവസ്ഥയിൽ മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡിൽ കൺസൾട്ടന്റായി നിയമിക്കാമോ?

2. അങ്ങനെയാണെങ്കിൽ, ഔദ്യോഗിക ആവശ്യങ്ങൾക്കായി വാഹനവും (hired vehicle) വാടകരഹിത താമസസൗകര്യവും ഭരണ വകുപ്പ് നിശ്ചയിക്കുന്ന തുകയിൽ (consolidated pay) രണ്ട് റിസർച്ച് അസിസ്റ്റന്റുമാരെ തെരഞ്ഞെടുക്കുന്നതിനുമുള്ള അനുവാദവും നൽകാമോ?